# 2019-20

## DIGITAL MAGAZINE

little KITEs



# I N T R O D U C T I O N

This is an unforgettable moment for us. We, the team of little kites of O. L. F. G. H. S. have been dreaming to publish our own Magazine for a while.

The main theme of our magazine is the 2018-19 flood which brought immense disaster to the state. Our students have produced short stories, essays, poems, and many more conveying their sorrows, opinions, hope, and messages through their literal works. For better understanding we have included both Malayalam and English in our magazine. We hope that, through our magazine we would be able to spread messages of peace, love, hope and courage.

We wish you all a good reading experience.

# താളുകളിലൂടെ........

1. പ്രളയാനന്തര കേരളം

2. പ്രളയം

3. **Unpredictable Climate Change That Haunts Kerala**

4. **SORROW OF KERALA....**

5. കടംകഥകൾ

6.***My Sweet Puppy***

7.FLOOD SHOWS ***HOW YOU ARE?..***

8. പ്രളയം വരുത്തിയ മാറ്റം

9. KERALA AFTER FLOOD

10.കരകയറ്റാം കേരളെത്ത ഒരു ചുവട് മുന്നോട്ട്

11. KERALA'S FLOOD

12.തിരിച്ചറിവ്

13.ചെന്നായയും ആടും

14. മലയാള ചെറുകഥ

15.ഇനിയൊരു പ്രളയം....

16.എന്റെ പൂന്തോട്ടം

# 17.മഴയും കാറ്റും

# 18.നിറച്ചാർത്ത്

## പ്രളയാനന്തര കേരളം

പ്രളയം: മനുഷ്യൻ ഒരുമയാൽ ചെറുത്തുതോൽപ്പിച്ച മഹാദുരന്തം. നവകേരളത്തിന്റെ നിലനിൽപ്പിനു തന്നെ കാരണമാണ് ഒത്തൊരുമ. മനുഷ്യൻ പ്രകൃതിയോട് ചെയ്ത ക്രൂരതയ്ക്ക് പ്രകൃതി നൽകിയ തിരിച്ചടിയാണ് 2018 ആഗസ്റ്റ് 15 ന് തുടങ്ങിയ ആ മഴയിൽ നിന്ന് ഉത്ഭവിച്ച ആ മഹാപ്രളയം.

സൗരയൂഥത്തിൽ ജീവൻ നിലനിൽക്കുന്ന ഒരേയൊരു ഗ്രഹമാണ് ഭൂമി. അതിന്റെ പ്രധാന കാരണം വായുവും ജലവും തന്നെയാണ്. ആ പ്രത്യേകത കൂടാതെ

നീലഗ്രഹം എന്നും കൂടി ഭൂമിയെ
വിളിക്കുന്നുണ്ട്. ജലത്തിന്റെ നീല നിറമാണ്
അതിനു കാരണം. അങ്ങനെ ഭൂമിയിൽ
ജീവന്റെ നിലനിൽപ്പിനു തന്നെ
കാരണമായ ജലത്തേയും വായുവിനേയും
മനുഷ്യൻ തന്റെ നേട്ടങ്ങൾക്കുവേണ്ടി ചൂഷണം
ചെയ്യുന്നു. ഒടുവിൽ ആ ക്രൂര ചൂഷണം
സഹിക്കവയ്യാതെയാണ് പ്രളയം ഒരു
വിനയായി വന്നത്. പുഴയിൽനിന്നും
മണൽമാഫിയകളുടെ മണൽ എടുക്കുന്നതും
ശുദ്ധജലം നഷ്ടമാക്കുകയും പുഴയിൽ പ്ലാസ്റ്റിക്ക്
മാലിന്യങ്ങൾ, ഫാക്ടറി മാലിന്യങ്ങൾ,
തുടങ്ങിയവ തള്ളുകയും ചെയ്യുന്നതിലൂടെ
മനുഷ്യർ വിലമതിക്കാനാവാത്ത

പ്രകൃതിവിഭവമായ ജലത്തെ ചൂഷണം ചെയ്യുകയാണ്. മനുഷ്യരെ ചൂഷണം ചെയ്താൽ മനുഷ്യർക്കു നോവുന്നതുപോലെ പ്രകൃതിയെ ചൂഷണം ചെയ്താൽ പ്രകൃതിക്കും നോവും എന്നും അത് തിരിച്ചടിക്കുമെന്നതിനുള്ള ഉദാഹരണമാണ് പ്രളയത്തിലൂടെ അവ കാണിച്ചുതന്നത്. മനുഷ്യവംശനാശത്തിനും കൂടി ഇതൊരു കാരണമാകുന്നു എന്ന് അവർ അറിയുന്നില്ല.

പുതുതലമുറയുടെ ഫാസ്റ്റ് ഫുഡ് സംസ്കാരവും ഫ്ളാറ്റ്, നവമാധ്യമങ്ങൾ തുടങ്ങിയവ മനുഷ്യന്റെ പ്രകൃതിയുമായുള്ള ആത്മബന്ധം വികടിപ്പിക്കുന്ന ഒരു കണ്ണിയാണ്. പ്രകൃതിദത്തമായ ഫലങ്ങളും സസ്യവർഗ്ഗങ്ങളും കഴിക്കാതെ

ഹോട്ടലുകളിൽനിന്നും മറ്റും വാങ്ങികഴിക്കുന്ന ഭക്ഷണങ്ങൾ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവ മനുഷ്യനെ പ്രകൃതിയിൽനിന്നും അകറ്റുന്നു. മലകളും കുന്നുകളും ഇടിച്ചുനിരത്തി അവിടെ ഉയർന്ന ഫ്ളാറ്റുകൾ കെട്ടുകയും പ്രകൃതിസൗന്ദര്യം വർധിപ്പിക്കുന്ന ഇത്തരം ദൃശ്യങ്ങളുടെ എണ്ണം കുറക്കുകയും ചെയ്യുന്നു. ജലമെന്ന വിലമതിക്കാനാവനാത്ത പ്രകൃതിവിഭവങ്ങളെയും മനുഷ്യർ ഇത്തരത്തിൽ

ചൂഷണം ചെയ്യുന്നുണ്ട്. പ്രളയത്തിനു ശേഷവും മനുഷ്യർ ഇന്നും പ്രകൃതിയെ ചൂഷണം ചെയ്യുന്നുണ്ട്. അമേരിക്ക പോലുള്ള വികസിതരാജ്യത്തെ കേരളത്തിലേക്ക് ആവാഹിച്ചെടുക്കാനാണ് പുതുതലമുറ

ശ്രമിക്കുന്നത്. അത്തരം സംസ്കാരങ്ങൾ ആവാഹിക്കുന്നതിലൂടെ കേരളത്തിന്റെ തനതായ സംസ്കാരമാണ് ഇല്ലാതാവുന്നത്. കുളങ്ങളും കുന്നുകളും ഇടിച്ച് നിരത്തുന്നതിലൂടെ ശുദ്ധജലസ്രോതസ്സുകളുടെ എണ്ണമാണ് കുറയുന്നത്. ഇതിലൂടെ ശുദ്ധജലജീവികളായ മത്സ്യങ്ങളുടെ എണ്ണവും കുറഞ്ഞുവരുന്നു. പ്രകൃതിയുടെ തിരിച്ചടിയായ പ്രളയത്തെ മനുഷ്യർ നേരിട്ടു. എന്നാൽ ഇനിയും അവർ ചൂഷണത്തെ കൈവിടുന്നില്ല.

ജലമാകുന്ന ജീവനെയാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് ആരും തന്നെ

ചിന്തിക്കുന്നില്ല. ജലത്തെ സംരക്ഷിക്കുന്നതിനും അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതിനുമായാണ് മാർച്ച് 22 ലോകജലദിനമായി ലോകമെമ്പാടും ആചരിക്കുന്നത്. എന്നാൽ അതിനെപ്പറ്റി അറിയാത്തവരും ഈ ലോകത്തുണ്ട്. ജലത്തിന്റെ വില അവരെ മനസ്സിലാക്കി കൊടുക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ്.

ഭൂമിയിലെ ജലത്തിന്റെ അളവ് കുറയുന്നതിനാലാണ് ലഭിക്കുന്ന മഴയുടെ അളവും കുറഞ്ഞുവരുന്നത്. മഴവെള്ളം കുറയുന്നതുകൊണ്ട് അത് സംരക്ഷിക്കാനായി നാം ധാരാളം സുരക്ഷാ പ്രവർത്തനങ്ങൾ ചെയ്തുവരേണ്ടതുണ്ട്.

പ്രളയത്തിന്റെ ദുരനുഭവങ്ങളെല്ലാം

ഇന്നും ഓരോരുത്തരുടേയും മനസ്സിലുണ്ടാകും. കാടായി നിറഞ്ഞുനിന്നിരുന്ന മരങ്ങളെല്ലാം കടപുഴകി വെള്ളത്തിൽ ഒഴുകി നടന്ന ആ നാളുകൾ. നിർത്താതെ കോരിച്ചൊരിഞ്ഞു പെയ്യുന്ന മഴയിൽ വീടിന്റെ അകത്ത് വെള്ളം ഇരച്ചുകയറിയ ആ നാളുകൾ. ജലാശയങ്ങൾ നിറഞ്ഞ് ജലം പുറത്തേക്ക് തേട്ടി ഒഴുകിയ ആ നാളുകൾ. വീട്ടിൽ നിന്നും ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞ ആ നാളുകൾ. ഇത്തരം ഓർമ്മകൾ മനസ്സിൽ വെച്ച് പ്രകൃതിയെ ചൂഷണം ചെയ്യാതെ മഴവെള്ളം സംഭരിക്കാനായി പരിശ്രമിക്കണം എന്ന് ഓരോരുത്തരുടേയും മനസ്സിൽ ഉറപ്പിക്കേണ്ടതുണ്ട്.

ജീവിതം ഒരു മുൾമിനിയിൽ നിന്ന് പ്രത്യാശയുടെ തിരിനാളം അണയാറായ ആ നാളുകൾ മനസ്സിൽ വച്ചുകൊണ്ട് നാമോരോരുത്തരും പ്രയത്നിക്കേണ്ടതുണ്ട്. ഭൂമിയിൽ ജലത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒപ്പം ശുദ്ധവായുവിന്റെയും. ചുറ്റും നോക്കിയാൽ തന്നെ അറിയാം വൃക്ഷങ്ങളുടേയും എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാരണം ശുദ്ധജലത്തിന്റെ അളവിൽ വ്യതിയാനം സംഭവിക്കുന്നതു തന്നെയാണ്. ശുദ്ധജലത്തിന്റെ അളവു കുറയുന്നതിലൂടെ ശുദ്ധജലജീവികളുടേയും അളവു കുറയുന്നു. ഇത് ഭക്ഷ്യശൃംഖലയെയും കാര്യമായി ബാധിക്കുന്നുണ്ട്. ഇവയുടെയെല്ലാം

വ്യതിയാനം ഓരോ ജീവന്റെയും നിലനിൽപ്പിനെ ബാധിക്കുന്നു. പ്രകൃതിയും ജലവും വായുവിമില്ലാതെ എന്തു പ്രകൃതി? എന്തു മനുഷ്യൻ? ആരുടേയും നിലനിൽപ്പ് അസാധ്യമാണ്. അങ്ങനെ നിലനിൽക്കാമെന്ന് പ്രതീക്ഷിച്ച് പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യർ വിഡ്ഢികളുമാകുന്നു. പ്രകൃതിയെ സംരക്ഷിക്കുന്ന സങ്കേതങ്ങൾ പോലുള്ള സ്ഥലങ്ങളുടെ എണ്ണത്തിലും ഇപ്പോൾ വലിയ തോതിൽ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ജലത്തെ സംരക്ഷിക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ്. ഫാക്ടറികളിൽ നിന്നുള്ള മലിനജലം ശുദ്ധജലത്തിലേക്ക് ഒഴുകുന്നതും

മണൽമാഫിയകളുടെ ചൂഷണവും നാം കണ്ണിൽ കണ്ടിട്ടും കാണാത്തതുപോലെ പെരുമാറുന്നു. അവയ്ക്കെതിരെ തിരിഞ്ഞ് നല്ലൊരു ഭൂമിയെ വാർത്തെടുക്കുന്നതിനായി നാമോരുത്തരും ശ്രമിക്കുമെന്ന് ദൃഢപ്രതിജ്ഞ എടുക്കണം. അവ നമ്മുടെ കൂടെയാണെന്ന ബോധം ഉളവാക്കിയെടുക്കാൻ നാമോരോരുത്തരും ശ്രമിക്കണം.

സ്മേര എം.എസ്

9 B

# പ്രളയം

നമ്മുടെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ
ദൈവത്തിന്റെ വരദാനമായ പ്രകൃതിയെ
കൊന്നൊടുക്കുന്ന മനുഷ്യർക്ക്
പ്രകൃതി കൊടുത്ത പാഠമായിരുന്നു
ആ പ്രളയം.
സ്വാതന്ത്ര്യദിനത്തിങ്കൾ കലിത്തുള്ളി
പെയ്ത പേമാരിയെ
മറക്കുവാനാകുമോ നമ്മൾ കേരളീയർക്ക്
പ്രളയബാധിതർക്ക് കൈതാങ്ങായ
ധീരജവാന്മാരും ,സാമൂഹികപ്രവർത്തകരും
നമുക്ക് ഇന്നും പ്രളയം
പഠിപ്പിച്ച പാഠം ഓർക്കാനായി
ഒരു പുതുജീവിതം നൽകി
അണപൊട്ടിയൊഴുകിയ വെള്ളം
എടുത്ത് ജീവിതങ്ങൾ .......
എന്നും അപൂർണമായി
ശേഷിക്കപ്പെടുന്നു.
വാനിൽ ചുറ്റികറങ്ങീടുന്ന

യന്ത്രങ്ങളുടെ ആരവവും മറ്റും
നമ്മിൽ ഭയം ജനിപ്പിക്കുന്നു.
സഹായമില്ലാതെ ജീവനുവേണ്ടി
പിടയുന്നവർക്ക് കൈത്താങ്ങായെത്തിയ
രക്ഷാസേനയെ ഞാനിതാ നമിക്കുന്നു
നാം കൊണ്ടിട്ട മാലിന്യക്കൂമ്പാരങ്ങളെ
ഇരട്ടിയായി പുഴ തിരിച്ചു തന്നു .
മണ്ണിടിഞ്ഞു പൊലിഞ്ഞ ജീവനുകൾക്ക്
പട്ടിട കൂട്ടുവാനായി കിട്ടിയത്
ഛായാചിത്രങ്ങൾ മാത്രം.
അഹങ്കാരിച്ചവർക്കൊക്കെ പ്രകൃതി
മറുപടി കൊടുത്തത് ഒരൊറ്റനിമിഷം കൊണ്ട്.
ആ പ്രളയത്തെ മറന്നുകൊണ്ടു-
ല്ലസിച്ചഹങ്കരിച്ചീടുന്നവരെ.......
നിങ്ങളുടെ ഈ അഹങ്കാരം
നശിക്കാൻ ഒരുനിമിഷം
മതിയെന്നോർത്താൽ നന്ന് .
ജീവനറ്റ പുഴകളേയും മണ്ണടിഞ്ഞ മനുഷ്യരെയും
എന്നെന്നും ഞാൻ ഓർക്കുന്നു .

ഈ പ്രളയത്തെ നാം

അതിജീവിച്ചിരിക്കുന്നു , എന്ന്

വിശ്വസിക്കാൻ പലർക്കും

കഴിയുന്നില്ല.

ഇനിയൊരു പ്രളയമുണ്ടായാൽ

ഭൂമിയ്ക്ക് പട്ടട മൂട്ടുവാൻ ഉണ്ടാകും

ഇവിടെ യന്ത്രമനുഷ്യർ.

എന്നുമീ ലോകത്ത് പ്രകൃതിക്ഷോഭമില്ലാതെ

ജീവിക്കാൻ ആകുമോ മനുഷ്യർക്ക്.

വിസ്മയ കണ്ണൻ

IX

# Unpredictable Climate Change That Haunts Kerala

**FOR** the last couple of years Kerala had been standing in the shade of a great threat. The two floods which ushered its dark shadow on us really made us speechless. Although we faced them bravely and survived them using our will power, I still has an opinion that we are losers. Because we failed to shield our Nature. So, apparently, this Flood was our fault, the result of our bad doing. Our Mother Earth had very kind to us for centuries. Although, we started hurting it ever since the beginning, it never spoke against us, until now. It endured all the pain that we inflicted upon it. NOW our earth has broken its silence, twice..too much for us to think. We should act immediately or it might be too late.

THE unpredictable climate and weather had been showing its way to surface for a couple of decades, if we have a closer look. I often used to hear my parents and teachers and also some of others saying in the summer that the weather is not what it should be in times. And before the years of flood I've heard and read about us not getting proper rain.

SO when it started to rain the last year, I was a person having hope that we can retrieve our lost earth and its riches back. BUT, the story ended up in a different way, after a few days I found myself praying if this disaster had just ended. It was hard to live without electricity and the lack of communication to the outer world, we faced. Though we were lucky that the flood had not affected us badly, still its tentacles had slightly touched us. And that was bad. Which left me thinking about the really flood affected people, a lot.

SO, talking about the climate crisis again, we can point out a lot of situations that might be the reason behind these, a few Days ago, we were all struck by the news that the Amazon rain forests are burning. The burning of these forests which is known as the lungs of the earth can affect us badly. Not only the rate of oxygen gets decreased, but also the amount of carbon dioxide in the atmosphere can get increased. Also that may let to increasing in the atmospheric temperature. And the rain forest is well known for its biodiversity. This will also get destroyed if the forest is not given proper concern.

MOVING to the next topic , its the ocean .around 70 % of the oxygen needed for the living world is supplied by the oceans which covers 2/3 of the earth. They too are a great treasure containing a lot of creatures as well as plants. They too are getting polluted .The amount of plastic getting dumped into the

ocean every year is increasing. And also the creatures dying eating it also increases. It is a matter of fact that a garbage patch twice as the size of Texas is floating in the sea. And the increasing in the temperature or more appropriately the GLOBAL WARMING is melting the frozen ice in the poles, which might end up as a great flood or tsunami that can swipe the land out of earth as well as us from the surface.

WHAT I was trying to say was that the above mentioned are example, how the exploitation by men affected the earth. Now coming back to Kerala, If we really is not going to care for nature and the riches Kerala holds, I bet say that we really will have to suffer, as well as the next generation after us will.

SO, for a better future as well as a good today, we can work together and create a new world, were men and nature can co-exist without hurting each other.

AISHA FAHMI .V.S
9th C

# *SORROW OF KERALA ….*



People approach me if they
want to explore
I was one of the nature
blessings
For my serene beauty and
Mythological history
They gave me the title
‘ GODS OWN COUNTRY ’
yes indeed, I was
I enjoyed , loved and
embarrassed my kids
My greenery and clear
water sources were famous
world wide
Many foreigners reached me
for enjoying my beauty
I forget the havocs

that nature could create

One day it rained heavily
causing a great disaster
Overflowing dams
Lifeless human beings
Floating plants
was the spectators that
I could see
My kids were in great sorrow
I couldn't even make
Not only humans were suffering
The birds, the animals, the plants
All were in great depth
My beauty was stolen from me
My soul was taken
away from me
But to be sad
Now I am facing
high temperature
Which nobody could bear
Oh ! Friends help me and

To cope up with this

Devastating calamity

# കടംകഥകൾ

1.അകം എല്ലം തോലും,പുറം പൊന്തം പൊന്തം

ഉ,വൈക്കോൽ തുറു

2.അകത്തിരിപ്പോനെ പുറത്ത് കാട്ടും കണ്ണാടി

ഉ,മുഖം

3.അകത്തേക്ക് പോകുമ്പോൾ പച്ച,പുറത്തേക്ക് വരുമ്പോൾ ചുവപ്പ്

ഉ,വെറ്റില നുറുക്ക്

4.അകത്ത് രോമം,പുറത്ത് ഇറച്ചി

ഉ,മൂക്ക്

5.അങ്ങേവീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേവീട്ടിൽ മുറ്റമടി

ഉ,ചൂല്

6.അടിമുള്ള്,നടുകാട്,തലയിൽ പൂവ്

ഉ,പൂവൻ കോഴി

# My Sweet Puppy



My sweet puppy, it
has brownish eyes
It has soft skin
It has black dot on it
His tail is white and bushy like a squirrel
His body is like sweater
His name is Browny
His favourite toy is a bone
He is my sweet puppy.

Niya Jelson
9-A

# *FLOOD SHOWS HOW YOU ARE ?..*

What a horrible days was it. Kerala had been burried with flood! The story of man is about "Nimisha who losted her beautiful life". I get the first price in it but when i come to home back. The rain had the strongest wind in it. Storm was in high. All the students who participated had moved to the school. Bus ran in high speed faster than ever, because the water level is increasing every moment. We the students had called our Gods. Some of them calls Lord Shiva , some of them called Christ ,we called our Lord Allah. We had prayed in less time. I get to the home this time more faster. At that time mama was packing our dresses and useful documents. Papa had taken the wallet and ATM card. He went to a shop and bought some food items and new dresses etc. The

water had breaks its limit. It entered to our balcony to inside of our house. Mama and papa take our TV, fridge,bed etc and kept to upside of our house. Sheet work is done ,hence rain won't get it . We had get into balcony because water has filled the house by half. Papa immediately called the boat and some of the fishermen came to save us. We were late because we don't know that this flood get worse. Papa warned me not to touch the water because the current is down there. The boat has arrived, we get into the boat. They dropped us in a flood relief camp. On the way , there was a horrible thing , can't know whether which place is that ,because that much water has eaten the roads and houses. The schools and shops were closed.We stayed many nights at the camp it was a horrible situation in my life . We only had blankets . So we had good sleep but the mosquitoes disturbed to sleep ,that much it annoys us.The shortage of food has been come ,the halls of school became dirty . Oh ! My god . We all had struggled there very

much . This flood shows every big one(Rich people) and small one (Poor) struggle for food and dress

Flood had shown that every people are one.

By
Sheikha.P.R

# പ്രളയം വരുത്തിയ മാറ്റം

അന്തരീക്ഷമാകെ തണുത്ത ഇളം കാറ്റ് വീശുന്നു.വിദ്യാലയത്തിന് ചുറ്റും മരച്ചില്ലയിൽ നിന്നും വരുന്ന ഇലകളുടെ കാഹള ശബ്ദം. വിശ്വൻ എന്ന മലയാള അധ്യാപകൻ, അദ്ദേഹത്തിനുമുന്നിൽ കഥകേൾക്കാൻ ഇരിക്കുന്ന കുട്ടികൾ.വിശ്വൻ മാഷ് കഥ തുടങ്ങി.2018 ആഗസ്റ്റ് 14 ആം തിയ്യതി കേരളമെന്ന സംസ്ഥാനം ഒട്ടാകെ നന്മയെന്തെന്നറിഞ്ഞ ദിനം, സഹായിക്കാൻ പഠിച്ചദിനം,പാഠങ്ങൾ പഠിച്ചദിനം.കേരളത്തെ ഒത്തൊരുമയുടെ പ്രതീകമെന്ന് വിശേഷിപ്പിച്ച ദിനം.മഴയില്ലാത്ത കാലത്ത് മനുഷ്യർ മഴയ്ക്ക് വേണ്ടി കേണു.പക്ഷേ, ദൈവം കൊടുത്തത് മഴത്തോരാത്ത ദിവസങ്ങളാണ്,പ്രളയമാണ്.

വീടുകൾ തോറും വെള്ളം ഒരു വിരുന്നുകാരനെപോലെ കേറിയിറങ്ങി. ചിലയിടങ്ങളിൽ അവർ സ്ഥിരതാമസമാക്കി. പിന്നീട് ചില ദിവസങ്ങൾ കൂടി തോരാതെ മഴ തുടർന്നു. തോരാത്ത മഴ ചില വീടുകൾ ഒഴുക്കുകയും ചെയ്തു. വെള്ളം കയറിയ വീടുകളിലെ കുടുംബാംഗങ്ങൾ ഒത്തുച്ചേരാനും അവർക്കിടയിൽ നന്മകൾ ഉണർത്താനും പ്രളയത്തിനു കഴിഞ്ഞു. ഈ പ്രളയം തന്നെയാണ് മത്സ്യതൊഴിലാളികൾ എന്ന മുക്കുവന്മാർ എന്ന് നാം വിശേഷിപ്പിച്ചിരുന്നവർ ജാതിമതഭേതങ്ങളൊന്നും

നോക്കാതെ കരകയറ്റിയത്. ആ നന്മനിറഞ്ഞ പ്രവർത്തികൾ കാണാനും അവരുടെ നന്മയെ സമൂഹത്തിനു മുന്നിൽ തുറന്നു കാണിക്കാനും പ്രളയം

തന്നെ വേണ്ടി വന്നു. പ്രളയം ,അത് കേരളസമൂഹത്തിന്റെ നന്മയും, കരുണയും,ഒത്തൊരുമയും അടച്ചുപൂട്ടിയ വാതിലുകൾ തുറക്കാനുള്ള ഒരു താക്കോൽ മാത്രമായിരുന്നു. പ്രളയം നമ്മെ പഠിപ്പിച്ച പാഠങ്ങൾ മറന്ന് പ്രവർത്തിക്കാൻ ഒരു മലയാളിക്കും സാധിക്കില്ല. വീടുകൾക്ക് മുന്നിലൂടെ ഒരു സ്നേഹപുഴയൊഴുകുന്നത് പോലെയാണ് രക്ഷാപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കരസേന, നാവികസേന, മത്സ്യതൊഴിലാളികൾ എന്നിവരെല്ലാം സ്വന്തം ജീവൻ വെടിഞ്ഞാണ് ജനങ്ങളെ രക്ഷിച്ചത്. പ്രളയത്തിൽ കുറേ മനുഷ്യർ കണ്ണടച്ചെങ്കിലും ചിലരുടെ കണ്ണ് തുറപ്പിക്കാനും പ്രളയത്തിനു കഴിഞ്ഞു.

മാഷ് കഥ നിർത്തി. കുട്ടികൾ വളരെ ആശ്ചര്യത്തോടും ആകാംക്ഷയോടും കൂടി കഥ ആസ്വദിച്ചു. മറിച്ച്, കഥയ്ക്ക് ഒരു വിധത്തിലുമുള്ള തടസവുമില്ലാതെ ആരും ഒരു ചോദ്യം പോലും ചോദിച്ചില്ല. അവർ അനുഭവിച്ച സാഹചര്യങ്ങളാണ് വിശ്വൻ മാഷ് കഥയായി അവതരിപ്പിച്ചത്.

കാവ്യ ടി.കെ
X-A

# KERALA AFTER FLOOD

In August 2018 the extraordinary rain fall in the monsoon caused the lastly disaster-Flood. The main causes for the flood was 116% more rainfall or downpour in the monsoon. Amicus curea appointed by the Kerala Government said that the bad management of dam by the Kerala Government made the Flood more devastating.But the Kerala Government said to the supreme court that the opening of Mullapperiyar Dam was the main cause for the Flood.

Fishermen all across Kerala were engaged in rescue programmes. Kerala received about rupees 2-12 billion as relief fund. Kerala was filled with water. Bodies of animals and humans were floating around. In the history 34 out of 54 dams were opened. The all five openings doors of Idukki dam were opened. The hilly

regions such as Idukki, Wayanad were isolated because of landslide.

The flood in 2018 was the main havoc in 21st century. The flood that came in 99 was also caused disasters . The collector of Thrissur district, that is Miss Anupama helped in rescue and relief programmes. She was a heroine of Kerala, helping poors, visiting small houses, flood affected people were army officers, fishermen, social workers etc.

The challenge that the Flood affected people had were problem of food, clothes etc. People were travelling in boats. All districts were on red alert. The main aspect during the flood was unity. All religions were united without any discrimination. After the flood, the main problem that Kerala faced was, houses filled with mud, snakes, etc. Then the bodies of animals and humans were filled within, plants were uprooted and were decayed. High temperature and drought were the main problems after the flood.

Many people were very helpful and cleaned the flood affected houses, made many

eco-friendly movements. About 483 people passed away in the disasting flood in 2018.We shouldn't forget the difficulties during the flood, and we shouldn't be pride with that we weren't affected by the flood. In this lifetime we can again face it. Only God knows the faith.

We shouldn't never ever be pride of anything. We must be faithful towards everyone. Our earth is a wonderful gift from God. Don't misuse or harm it. We got that gift back with some injuries,we should give care for it.

-Vismaya Kannan .P
IX.B

# കരകയറ്റാം കേരളത്തെ ഒരു ചുവട് മുന്നോട്ട്

ലോകജനങ്ങളിൽ ആകെ വെറും 26%മാത്രം വിസ്തീർണം ഉള്ള രാജ്യമാണ് ഭാരതം. ഭാരതത്തിൽ ഒരു കൈകുടവട്ടത്തിൽ മാത്രം ഒതുക്കാൻ പറ്റുന്ന വലുപ്പമേ കേരളത്തിനുള്ളൂ. 2001 -ലെ സെൻസസ് പ്രകാരം 104,36,86,346 ജനങ്ങൾ തിങ്ങി പാർക്കുന്ന ഇടം  2018-ൽകേരളം നേരിട്ട വെല്ലുവിളിയാണ് പ്രളയം. മുൻകൂട്ടി,അറിയാതെ ആളുകൾ വല്ലാതെകുഴങ്ങി. കൈപിടിയിൽ ഒതുങ്ങുന്ന കേരളം നിസ്സാഹയതയോടെ  കൈകാലുകൾ ഇട്ടടിച്ച നിമിഷങ്ങൾ. വലിയവനെന്നോ, ചെറിയവനെന്നോ, പണക്കാരനെന്നോ, പാവപ്പെട്ടവന്നോ ,വ്യവസായിയെന്നോ, കൂലിപണിക്കാരനെന്നോ ഭാവവ്യത്യാസമില്ലാതെ ജീവനുവേണ്ടി യാചിച്ച നിമിഷങ്ങൾ.

ഒരു പ്രളയം കേരളീയരെ മൊത്തം

ഒരുമിപ്പിക്കുമെങ്കിൽ ഈ പ്രളയം നമുക്ക് ഒരു പാഠമായി മാറുന്നു.കടലിന്റെ മക്കളായ മത്സ്യതൊഴിലാളികളുടെ സന്മനസ്സാണ് ഇന്ന് കേരളത്തെ തിരിച്ചു കൊണ്ടു വന്നത് .കേരളീയരുടെ ഒരുമയും, സഹായവും, സ്നേഹവും എല്ലാം ചരിത്രം കുറിക്കുന്നവയാണ്. പഞ്ഞിമെത്തയിൽ കിടന്നവനും തറയിൽകിടന്നവനും പ്രളയനിമിഷങ്ങളിൽ തുല്യവിലയേ ഉണ്ടായിരുന്നുള്ളൂ.
സമത്ത്വത്തിന്റെ ഉദാഹരണമായി മാറാൻ കേരളത്തിന് ഇതിലൂടെ സാധിച്ചു.

ഈ ഒരു ദുരന്തത്തിനു ഉത്തരവാദി ആരെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേ ഉള്ളൂ,അത് നമ്മളാണ്. കെട്ടിപൊക്കിയ കെട്ടിടങ്ങളും, ഇടിച്ചു നിരത്തിയ മലനിരകളും, മലിനമായ പുഴകളും എല്ലാം മനുഷ്യൻ വരുത്തിയതാണ്. പ്രളയത്തിൽ വെള്ളം പൊങ്ങിയപ്പോൾ വെള്ളം അടിയിലോട്ട് ഇറങ്ങാൻ മണ്ണില്ലാതായി. അതായിരുന്നു കേരളം നേരിട്ട ഏറ്റവും

വലിയ പ്രശ്നം. മലിനമായ ഭൂമി ,വെള്ളമിറങ്ങാത്തതിന്റെ ഏറ്റവും വലിയ കാരണം പ്ലാസ്റ്റിക് മലിനീകരണമാണ്. നാശമില്ലാത്തതാണ് പ്ലാസ്റ്റിക്,പക്ഷെ മറ്റുള്ളവർക്ക് നാശം വിതക്കുന്നു.

പ്രളയത്തിനു ശേഷം ഉള്ള കേരളം അതിഭയാനകമാണ്. തകർന്ന കെട്ടിടങ്ങൾ, വീടുകൾ, പാടങ്ങൾ എല്ലാം..... കാർഷികമേഖലക്കുണ്ടായ നഷ്ടം തീരാത്തതാണ്. തീരാനഷ്ടങ്ങൾകിടയിൽ ഒരു കൂട്ടം കർഷകരുടെ നിലവിളി നാം കേട്ടില്ലെന്നു വരും. പ്രളയത്തിൽ തകർന്ന കോടികളുടെ വ്യവസായങ്ങളും, കൃഷിയുമെല്ലാം നാം അതിജീവിക്കേണ്ടതുണ്ട്. പ്രളയത്തിനു ശേഷം മലിനമായ കേരളത്തിൽ വേട്ടയാടിയ അടുത്ത പ്രശ്നം പകർച്ചവ്യാതികളാണ്. കൃഷിയും മറ്റെല്ലാം തകർന്നതിനെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമം കേരളത്തെ നടുക്കിയിട്ടുണ്ട്. മുപ്പതു വർഷങ്ങൾക്കു മുമ്പുണ്ടായ കണക്കുപ്രകാരം 6.39 ലക്ഷം ഹെക്ക്റ്റർ കൃഷിയുണ്ടായിരുന്ന നമുക്ക്

ഇപ്പോൾ അതിന്റെ പകുതിയെ കൃഷിവിളവ് ഒള്ളൂ.

കേരളം കണ്ടവനറിയാം കേരളത്തിന്റെ അവസ്ഥ. തലപൊക്കി നിന്നിരുന്ന നെൽപ്പാടങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ പെട്ടിപോലെ അടുക്കിവച്ചിരിക്കുന്ന കെട്ടിടങ്ങൾ മാത്രം.ഇത് കേരളത്തിന് വലിയ ഭീഷണിയായി മാറുകയാണ്. കേരളത്തിനെ കരകയറ്റാൻ ഉള്ള സമയമാണിത്. അതിന് ആദ്യം പരിഹരിക്കേണ്ടത് മലിനീകരണമാണ് -ജലമലിനീകരണം. ജലം മലിനീകരിക്കുന്നതിനെ തുടർന്ന് ജല ജീവജാലങ്ങൾക്ക് ഭീഷണിയാവുകയും അതുമൂലം നമ്മുടെ ലൈഫ്ലൈഫ്സ്റ്റൈലിനെ ബാധിക്കുകയും ചെയ്യുന്നു.

പ്ലാസ്റ്റിക്ക് എന്ന നാശമില്ലാത്ത വസ്തു ഒരു നിശബ്ദകൊലയാളിയാണ്. ഒരു വർഷം 300 മില്യൻ ട്ടൺ പ്ലാസ്റ്റിക്ക് കടലിൽ തള്ളുമ്പോൾ അത് നമ്മുടെ മരണത്തിലേക്കുള്ള വിളിയാണെന്ന് ഓർക്കുക.കേരളത്തിന്റ കാർഷികമേഖലയിലെ

പാരമ്പര്യ സംസ്കാരം തിരികെകൊണ്ടുവരണം ,വികസനം പ്രകൃതി സൗഹൃദപരമാക്കണം ,മലനിരകളും കായലുകളും ഇലയും വായുവും മണ്ണും മലിനമാക്കാതെ വേണം നവ കേരളത്തെ ഉയർത്തിയെടുക്കാൻ.

**ഉത്തര**

IX-B

# KERALA'S FLOOD

ONE OF THE CRUCIAL PROBLEMS FACED BY KERALA INCLUDES FLOOD, OKHI, NIPPAH ETC…. FLOOD WAS NOT SPONTANEOUS AND DESTRUCTIVE ONE AMONG THEM. PEOPLE LOST THEIR HOMES, PARENTS AND SUFFERED FROM GREAT LOSS. MANY OF THEM LOST THE APT FOR SURVIVAL. THE PEOPLE WHO WERE NEAR LACK WATERS WERE AFFECTED MORE.

"ONE OF THE MOST TERRIBLE INCIDENTS FACED BY KERALA" TITLED THE NEWSPAPER. FLOOD DESTROYED THE OUTLOOK OF OUR "GOD'S OWN COUNTRY"

AUTO CRISES MENTIONED THAT IT WAS MOST CRUCIAL AND TERRIBLE EXPERIENCES THAT WAS HAPPENING IN KERALA. RACIAL DISCRIMINATION BASED ON CASTE, SEX, RELIGION, MONEY ETC….. WERE REMOVED OR NOT IDENTIFIED ON THESE DAYS. PEOPLE WORKED TOGETHER AGAINST THIS TERRIBLE SITUATION AS A FAMILY. POLITICAL WARS AND SPELLS WERE NOT EVEN FOUND DURING THIS DAYS. HINDUS, MUSLIMS CHRISTIANS ETC…… STAYED IN ONE ROOM AND SHARED THEIR EXPERIENCES. BACKWARD COMMUNITIES, UNTOUCHABILITIES, HIGH CASTES ….THERE WERE NO DISCRIMINATION ON THE BASIS OF CASTES.

USUALLY FISHERMEN WERE CONSIDERED AS THE BACKWARD PEOPLE. PEOPLE CONSIDERED THEM AS CULTURE LESS

FELLOWS WHO WOULD SMELL FISH. PEOPLE CAN EAT FISH, OF FISHERMEN BUT NO ONE WILL LOVE THEM. BUT THIS FISHERMEN SAVED US FROM THIS FLOOD AND HELPED TO SURVIVE THIS CONDITION. DURING FLOOD NO ONE TRIED TO ENQUIRE ABOUT SOCIAL STATUS, JOB ETC......... IN FACT THEY ACCEPTED THE HELPING HANDS OF THESE FISHERMEN.

RELIEF CENTRES BECAME THE HOUSES OF VARIETY OF PEOPLES INCLUDING DIFFERENT RELIGIONS. GOVERNMENT ADOPTED SEVERAL MEASURES FOR THE SAFETY OF PEOPLE. PAMPHLETS WERE ISSUED INSTRUCTING PRECAUTIONS TO BE TAKEN TO AVOID FURTHER DANGERS.GOVERNMENT DISTRIBUTED COMMUNICATION AMONG PEOPLES WHO LOST THEIR HOUSES, BELOVED ONES DURING FLOOD.

ALL TIMES NATURE WILL GIVE A WARNING TO PEOPLE IF THEY CLOSE THEIR RACE ETC........ BUT WHEN A DISASTER AFFECTED THEM THEY MANAGED TO ESCAPED IT. GOD HAS GIVEN US A WARNING BECAUSE OF OUR PROBLEMS. MUTUAL UNDERSTANDING, CORPORATION WILL ONLY HELP US TO SUFFER FROM THIS DANGER. NATURE HAS TAUGHT A BIG LESSON.

-Fidha Habeeb
X.A

# തിരിച്ചറിവ്

കൊടുംമഴ പെയ്യുന്ന ആ രാത്രി തന്റെ ഒറ്റമകനേയും കാത്തിരിക്കുകയാണ് ആ അമ്മ. മുറ്റത്ത് വെള്ളം ഉയർന്നുകൊണ്ടിരിക്കുകയാണ്. അമ്മയുടെ നെഞ്ചിടിപ്പും വർദ്ധിച്ചു വന്നു. ഒറ്റമുറിയുള്ള ആ വീട്ടിൽ ഓടുപൊട്ടി ചോരുന്നുണ്ടായിരുന്നു. ആ വെള്ളം വീണിരുന്നത് ആ അമ്മ അറിഞ്ഞിരുന്നില്ല. പുറത്ത് പെയ്യുന്ന മഴയുടെ ശബ്ദം ആ ചോരുന്ന വെള്ളത്തുള്ളിയുടെ ശബ്ദത്തെ മറച്ചു. ജോലി ചെയ്യാതെ അലസനായി സ്വന്തം കാര്യം മാത്രം നോക്കി നടക്കുന്നവനാണ് അവരുടെ മകൻ മാധവൻ. അമ്മ ജോലി ചെയ്ത് കൊണ്ടുവരുന്ന പണമാണ് അവരുടെ ഏക വരുമാനം. മാധവന്റെ അച്ഛൻ അവന്റെ ചെറുപ്പത്തിലെ മരിച്ചിരുന്നു. അതുകൊണ്ട് തന്നെ ആ അമ്മ അവനെ വളരെയധികം ലാളിച്ചാണ് വളർത്തിയത്. പക്ഷെ, മുതിർന്നപ്പോൾ അവന്റെ സ്വഭാവം ആകെ മാറി. അമ്മ ഒരു ഭാരമാകുവാൻ തുടങ്ങി. മിക്കപ്പോഴും അവൻ വീട്ടിൽ വരാറില്ല. മറ്റു വീടുകളിൽ വെള്ളം അകത്തേക്ക് എത്തിത്തുടങ്ങിയിരിക്കുന്നു. അവിടെയുള്ളവർ സാധനങ്ങളുമായി പുറത്തേക്കിറങ്ങുന്നത് ആ അമ്മ കണ്ടു. മകനേയും പ്രതീക്ഷിച്ച് ഇരുട്ടിലേക്ക്

നോക്കിയിരുന്നു. അൽപ്പ നേരത്തിനു ശേഷം കുറച്ചു പോലീസും നാട്ടുകാരും ആ അമ്മയുടെ അടുത്തേക്ക് വന്നു. അവർ ആ വഞ്ചിയിൽ കയറുവാൻ അമ്മയോട് ആവശ്യപ്പെട്ടു. അപ്പോൾ ആ അമ്മ അവരോടായി പറഞ്ഞു "മക്കളെ ഞാനിപ്പോൾ വരുന്നില്ല. എന്റെ മകൻ വന്നിട്ട് ഞങ്ങൾ ഒരുമിച്ച് വന്നുകൊള്ളാം.” അവർ എത്ര നിർബന്ധിച്ചിട്ടും ആ അമ്മ സമ്മതിച്ചില്ല. പക്ഷെ അവരുടെ മകൻ സ്വന്തം അമ്മയെക്കുറിച്ച് ഓർത്തതേയില്ല. അവൻ നേരത്തെ തന്നെ ഒരു സുഹൃത്തിന്റെ വീട്ടിൽ രക്ഷ തേടിയെത്തിയിരുന്നു. പക്ഷെ ഇതൊന്നും ആ അമ്മ അറിഞ്ഞതേയില്ല. വെള്ളവും വെളിച്ചവും ഭക്ഷണവുമില്ലാതെ ആ അമ്മ അർദ്ധരാത്രിവരെ ആ മുറ്റത്തിരുന്നു. അപ്പോഴേക്കും വെള്ളം അമ്മയുടെ കാൽമുട്ടു തൊട്ടിരുന്നു. അതോടെ അമ്മ അകത്തേക്ക് കയറിയിരുന്നു. അപ്പോഴും ആ അമ്മ തന്റെ മകനേക്കുറിച്ചോർത്തിരിക്കുകയായിരുന്നു. അവനെ കാക്കണേ എന്ന് കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കരഞ്ഞു കരഞ്ഞു തളർന്ന് ആ അമ്മ അവിടെ കിടന്ന് ഉറങ്ങിപ്പോയി. അടുത്ത ദിവസം ആർക്കും ആ ഭാഗത്തേക്ക് പ്രവേശിക്കാൻ പോലും കഴിയാത്ത വിധത്തിൽ വെള്ളം മൂടിയിരുന്നു. അങ്ങനെയൊരു വീടവിടെ ഉണ്ടെന്നുപോലും ആരും ഓർത്തില്ല. വെള്ളം കുറഞ്ഞു

കഴിഞ്ഞപ്പോൾ നാട്ടുകാരും മാധവനും കണ്ടത് ചലനമറ്റു കിടക്കുന്ന തന്റെ അമ്മയെയാണ്. അവന് അത് വിശ്വസിക്കാനായില്ല. മരിച്ചു കിടക്കുമ്പോഴും തന്റെ മകനുവേണ്ടി എടുത്തുവെച്ച ഒരൽപ്പം കഞ്ഞിയുണ്ടായിരുന്നു. അതോടൊപ്പം അവരുടെ മുണ്ടിനറ്റത്ത് മകനായി കുറച്ച് മുഷിഞ്ഞ നോട്ടുകളും. വിശന്നും ദാഹിച്ചുമാണ് അവന്റെ അമ്മ മരിച്ചത്. എന്നിട്ടും മകനുവേണ്ടി അവർ എടുത്തുവെച്ചത് അവർ കഴിച്ചില്ല. സ്വന്തം അമ്മയുടെ കരുതലും വിലയും അവൻ തിരിച്ചറിഞ്ഞു. അമ്മയുടെ ചലനമറ്റ കൈകളിൽ പിടിച്ചുകൊണ്ട് അവൻ പൊട്ടിക്കരഞ്ഞു. അപ്പോഴാണ് വീടുചോരുന്നതായി അവൻ ശ്രദ്ധിച്ചത്. ഇപ്പോഴും അതിലൂടെ വെള്ളം വീഴുന്നുണ്ട്. അത് വന്ന് വീണിരുന്നത് ആ കഞ്ഞിപാത്രത്തിലായിരുന്നു. ആ ഓരോതുള്ളി വീഴുമ്പോഴും ഉണ്ടാകുന്ന ശബ്ദം അവന്റെ ബാല്യകാല ഓർമ്മകളുണർത്തി. അവനെ എത്രമാത്രം അമ്മ സ്നേഹിച്ചിരുന്നു എന്ന് അവൻ തിരിച്ചറിഞ്ഞു. അവൻ കുറ്റബോധത്താൽ അമ്മയുടെ കാലിൽ വീണുകരഞ്ഞു.

ദേവിക ടി.വി

VIII-A

# ചെന്നായയും ആടും

ഒരിക്കൽ ആട്ടിടയൻ ആടിനെ മേയിചുനടക്കുബോൾ  ആട്ടുകൂട്ടത്തിലെ ഒരു അഹങ്കാരിയായിരുന്ന മിന്നു എന്ന വെളുത്ത ആട്ടിൻക്കുട്ടി അഹങ്കരത്തോടെ നടകുകയായിരുന്നു അപ്പോൾ ഒരു ചെന്നായ അതുഴി വന്നു അതു കണ്ട് ബാക്കിആടുകൾ ഭയെനോടി അഹങ്കാരിയായ മിനു ആട്അവിടെ നിന്നു ചെന്നായ വന്ന് മിനു ആടിനെ കീറിമുറിച്ച് തിന്നു

അഹങ്കാരം ആപത്ത് ..........

അസ്വ

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

- ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

- രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി

തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണി നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

- മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ,

കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ കൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത
ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം
ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ,

മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

-Adheela
IX

# ഇനിയൊരു പ്രളയം....

സ്വാതന്ത്ര്യദിനാഘോഷ ദിനത്തി-
ൽ നാം കണ്ടു സ്വതന്ത്രമായി
പെയ്യുന്ന മഴ! ആസ്വദിച്ചു ആ-
വോളം ഹൃദയത്തെ തൊട്ടറിഞ്ഞ മഴയെ...
അറിഞ്ഞില്ല നമ്മളാരും ജീവനെടുക്കുന്ന
പ്രളയമായി പരിഗണിക്കുമെന്ന്.
കുളങ്ങൾനിറഞ്ഞു തോടുകൾ നിറ-
ഞ്ഞു കടലും പുഴയും നിറഞ്ഞൊഴു
കി.ഡാമുകൾ പൊട്ടിയൊഴുകി,ഹൃദയം
പൊട്ടിയൊഴുകുന്ന കാഴ്ച്ചയായ് മാറി...

എന്തു ചെയ്യണം എന്നറിയാത്ത
ജനങ്ങൾ ആശ്വാസം പകരാൻ
സ്കൂളുകൾ ക്യാമ്പുകളായി മാറി....
ജനങ്ങൾ മരണ വക്കിലാണെന്നറി
ഞ്ഞ കുറേ നല്ല മനുഷ്യർ

## ആശ്വാസം പകരാനെത്തി....

കേരളം കരയുന്നത് അന്നാദ്യമായി
ലോകം കണ്ടു . മനുഷ്യ ജീവനു
വില പറഞ്ഞ പ്രളയം ഇനി
എന്നവസാനിക്കും എന്നറിയാതെ
കേരളം...... മരണ ഭീതിയെ
തൊട്ടുണർത്തിയ കേരളം
ഇനിയാരെന്ന ആശങ്കയിൽ
ഇനി എത്ര നാളുകൾ ഇനി
എത്ര മനുഷ്യർ...

അനുപമ
VII B

# എന്റെ പൂന്തോട്ടം

മാരുത നിലിളകുന്ന മുല്ല മലരും
റോസ ദളങ്ങളിൽ ഉതിരും
പനിനീർ നുകരുന്ന പൂമ്പാറ്റയും
സൂര്യകിരണമണയുമ്പോൾ
മിഴിതുറക്കും സൂര്യകാന്തിയും

ഹാ! എന്തു ഭംഗി എന്റെ പൂന്തോട്ടം
ഞൊറിഞ്ഞൊറിയായ് വിടരുന്ന ജമന്തിയും
മന്ദയാൽ ശോഭിക്കും കമ്മൽ പൂക്കളും
ഏന്തി നോക്കി എന്നെ വിസ്മയിപ്പിക്കും
കോളാമ്പിപൂക്കളും

ഹാ! എന്തു ഭംഗി എന്റെ പൂന്തോട്ടം

വെള്ളയാൽ ശോഭിക്കും മന്ദാരവും

ഹാ! എന്തു ഭംഗി എന്റെ പൂന്തോട്ടം

വെള്ളയാൽ ശോഭിക്കും മന്ദാരവും

മിഴി തുറക്കുമീ ശംഖു പുഷ്പവും

വല്ലിയായ് പടരുന്ന പിച്ചകവും

ഹാ! എന്തു ഭംഗി എന്റെ പൂന്തോട്ടം....

നഹല വി.എസ്

**VI-A**

# മഴയും കാറ്റും


കഴിഞ്ഞ മഴ ഞാൻ ഏറെ രസിച്ചു. മഴയിൽ ഇറങ്ങിയില്ലേലും വീടിന്റെ വരാന്തയിലിരുന്ന് ഞാൻ മഴ ആസ്വദിച്ചു. ഞാനും എന്റെ അനിയനും വീടിന്റെ വരാന്തയിൽ ഇരുന്നുകൊണ്ട് മൂളിപ്പാട്ടും പാടിക്കൊണ്ടാണ് മഴ ആസ്വദിച്ചത്. വീടിന്റെ മുകളിൽ മഴ ശക്തമായി അടിച്ചു വീഴുന്ന ശബ്ദവും, മുറ്റത്ത് മഴ വന്നു വീഴുമ്പോഴുള്ള പുതുമണവും, പിന്നെ കാറ്റു വീശുമ്പോഴുള്ള ശീതളവും....... ഹായ് എന്തു രസം. വീടിന്റെ വലതു ഭാഗത്തായി ഒരു തോടുണ്ട്. അതെല്ലാം നിറഞ്ഞു. എന്നാലും കാണാം, മീനുകൾ നിരനിരയായി പോകുന്നത്. കുറേകഴിയുമ്പോൾ ഇടിവെട്ടും മിന്നലും തുടങ്ങും. അപ്പോൾ ഞങ്ങളെ അമ്മ അകത്തേക്ക് വിളിച്ച് കയറ്റും. എന്നാലും ഇടിവെട്ടിന്റെയും മഴയുടേയും ശബ്ദങ്ങൾ അകത്തിരുന്ന് ആസ്വദിച്ചിരുന്നു ഞാൻ. ഇതുവരെയുള്ള എല്ലാ മഴയും ചെറിയ രീതിയിൽ പോലും ആഹ്ലാദിപ്പിച്ചിരുന്നു. പക്ഷെ പ്രളയം മാത്രം ഞാൻ ആസ്വദിച്ചില്ല. വീട്ട് മുറ്റത്ത് വെള്ളം കയറുന്നത് എനിക്ക് ഇഷ്ടമായിരുന്നു എന്നാൽ പ്രളയത്തിൽ വീടിനകത്തേക്ക് വെള്ളം കയറരുത് എന്ന പ്രാർഥനയായിരുന്നു.

നിവേദ്യ ഒ.ആർ
6-B

# നിറച്ചാർത്ത്



**ASIFA SHIRIN**
**10 C**



SAJI
9

# ACKNOWLEDGEMENT

We have made our dream come true after a lot of dedication and hard work of a lot of people. First of all, we would like to thank god for helping us throughout this time period. Even though it was a marshy road, we reached our destination. we are really grateful to all, who were with us through this journey.

We like to thank our head mistress, Sr. Dani who gave her entire support to us. Then we are also grateful to our teachers, Mrs. Selma and Mrs. Magna who provided us all the resources we needed, also to all the students of O L F G H S, Mathilakam for their contributions to our magazine. Moreover, we thank our editors panel for all help they have done to us and also to the entire little kites members of our school. And last but not the least, we thank all our good readers who made this project a worthy one. We sincerely thank every well wishers of us, thank you all.